(സി) കാലാവധി കഴിഞ്ഞ മരുന്നുകൾ യഥാസമയം നശിപ്പിച്ചു കളയുവാൻ നിർദ്ദേശം നൽകുമോ;

(ഡി) അത്യാവശ്യ മരുന്ന് ലഭിക്കാതെ രോഗികൾ വരുമ്പോൾ ലക്ഷക്കണക്കിന് രൂപയുടെ മരുന്നുകൾ കെട്ടിക്കിടക്കുകയും നശിപ്പിക്കുകയും ചെയ്യുന്നത് ഒഴിവാക്കാൻ ശ്രമിക്കുമോ;

(ഇ) ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ മാത്രം വാങ്ങുന്നതിന് പകരം കൂടുതൽ മരുന്നുകൾ വാങ്ങി സ്റ്റോക്കു ചെയ്യുന്നതായും പിന്നീട് അതു നശിപ്പിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ രീതി അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) കാലാവധി കഴിഞ്ഞ ചുരുക്കം ചില മരുന്നുകൾ ചില ആശുപത്രികളിൽ ചെറിയ അളവിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കത്തക്ക വണ്ണം ബഫർ സ്റ്റോക്കായി കുറച്ചു മരുന്നുകൾ അധികം സ്റ്റോക്ക് ചെയ്യാറുണ്ട്. അങ്ങനെ സ്റ്റോക്ക് ചെയ്യുന്നവ ചിലപ്പോൾ ഉപയോഗശൂന്യം ആകാറുണ്ട്. കൂടാതെ കൂടുതൽ ഫലപ്രദമായ മരുന്നുകൾ മാർക്കറ്റിൽ ലഭ്യമാകുമ്പോൾ അതു കൂടുതലായി ഉപയോഗിക്കുകയും പഴയത് കുറവായി ഉപയോഗിക്കുകയും ചെയ്യുന്നതും ഇതിന് കാരണമാകുന്നുണ്ട്.

(സി) ഇപ്പോൾ തന്നെ നിലവിലുണ്ട്.

(ഡി) ആത്യാവശ്യ മരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കാൻ ഉള്ള എല്ലാ നടപടികളും എടുത്തിട്ടുണ്ട്. ലക്ഷക്കണക്കിനു രൂപയുടെ മരുന്നുകൾ കെട്ടിക്കിടക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നില്ല. അപൂർവ്വം സന്ദർഭങ്ങളിൽ മാത്രം ചില മരുന്നുകൾ കാലാവധി കഴിഞ്ഞ് ഉപയോഗശൂന്യമാകാറുള്ളൂ. ആവശ്യവും ഉപയോഗവും തമ്മിൽ കൃത്യമായി നിയന്ത്രിക്കുന്നതുകൊണ്ട് ഇത്തരം മരുന്നുകളുടെ അളവ് കുറഞ്ഞുവരുന്നുണ്ട്.

(ഇ) & (എഫ്) മെഡിക്കൽ കോളേജ് ആശുപത്രികളെ സംബന്ധിച്ച് ആവശ്യമുള്ള മരുന്നുകൾ നേരത്തെ തീരുമാനിച്ച് ആന്വൽ ഇന്റന്റ് തയ്യാറാക്കി വാങ്ങുന്നതിനും അവയുടെ ഉപയോഗം അനുസരിച്ച് മാത്രം വീണ്ടും ഓർഡർ നൽകുവാനും അതു നിയന്ത്രിക്കുന്നതിനുമായി ക്ലിനിക്കൽ ഫാർമസി വിഭാഗം എല്ലാ മെഡിക്കൽ കോളേജുകളിലും പ്രവർത്തിക്കുന്നതിനാൽ കാലാവധി കഴിഞ്ഞ മരുന്നുകൾ ഉപയോഗശൂന്യമാകുന്നത് വളരെ കുറഞ്ഞുവരുന്നു. സംസ്ഥാനത്തെ മറ്റ് ആശുപത്രികളെ സംബന്ധിച്ച മരുന്നുകൾ നാലു ഘട്ടങ്ങളായി വിഭജിച്ച് വാങ്ങുന്നതിനാൽ കൂടുതൽ മരുന്നുകൾ സ്റ്റോക്ക് ചെയ്യുന്നതിനും ഉപയോഗശൂന്യമാകുന്നതിനും സാദ്ധ്യത വളരെ കുറവാണ്.

7 (*287) പരിസ്ഥിതി നയം

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പരിസ്ഥിതി നയം പ്രഖ്യാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് പ്രവർത്തനങ്ങളുടെ പുരോഗതി ഏതു ഘട്ടത്തിലാണെന്നും പ്രസ്തുത നയം എന്നത്തേയ്ക്ക് പ്രഖ്യാപിക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പബ്ലിക് ലയബിലിറ്റീസ് ഇൻഷ്വറൻസ് ആക്ട് പ്രകാരം എന്തു തുക നഷ്ടപരിഹാരമായി അനുവദിക്കേണ്ടി വന്നിട്ടുണ്ടെന്നും ഇത് എന്തൊക്കെ കാരണങ്ങൾ കൊണ്ടായിരുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) കേന്ദ്രസർക്കാർ 1989-ലെ ഹസാർഡസ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) നിയമഭേദഗതിക്കുവേണ്ടി എന്തെങ്കിലും വിവരങ്ങൾ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഇ) എങ്കിൽ പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കിയോ എന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ):

(എ) ഉണ്ട്.

(ബി) പരിസ്ഥിതി നയത്തിന്റെ ഒരു കരട് രൂപം ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. ഈ കരട് സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുള്ള പരിസ്ഥിതി സംരക്ഷണ കർമ്മ സമിതിയും ചീഫ്സെക്രട്ടറി അദ്ധ്യക്ഷനായുള്ള പരിസ്ഥിതി സംരക്ഷണ പരിപാടി ആസൂത്രണ കമ്മിറ്റിയിലും ചർച്ചചെയ്ത് അടുത്തുതന്നെ പൂർണ്ണ രൂപത്തിലാക്കും. അതിനുശേഷം സംസ്ഥാന നിയമസഭാ പരിസ്ഥിതി സമിതിയുടെ പരിഗണനയ്ക്കു വിധേയമായി അവതരിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരത്തിലുള്ള വിശദമായ പരിശോധനയ്ക്കുശേഷം ഈ വർഷാവസാനത്തോടെ പ്രഖ്യാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഏകദേശം 58.22 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 1998 ജൂലൈ മാസം എറണാകുളത്തെ ചിത്രപ്പുഴയിൽ മത്സ്യം കൂട്ടത്തോടെ ചത്തുപൊങ്ങിയ സംഭവത്തോടനുബന്ധിച്ച് ഒരു കേസ്സിൽ 38.77 ലക്ഷം രൂപ നഷ്ടപരിഹാരമായി മത്സ്യത്തൊഴിലാളികൾക്ക് നൽകാൻ ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. ഇതിനെതിരെ ഇൻഷ്വറൻസ് കമ്പനി കേസ്സ് ഫയൽ ചെയ്തിരിക്കുകയാണ്. അമ്പലമുകൾ വ്യവസായ മേഖലയിലെ മലിനീകരണംമൂലം കന്നുകാലികൾ ചത്തൊടുങ്ങിയ വകയിൽ 3.11 ലക്ഷം രൂപയും ആരോഗ്യ പ്രശ്നങ്ങളാൽ 12.04 ലക്ഷം രൂപയും കൊടുത്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ ഏതാണ്ട് 4.28 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

8 (*288) മനുഷ്യാവകാശ കമ്മിഷന്റെ പ്രവർത്തനം

ശ്രീ. കെ.എ. ചന്ദ്രൻ :

LIBRARY ARCHIVES Kerala Legislative Assembly